# I.C.D.S. സൂപ്പർവൈസർ പരീക്ഷ – 2004

1. കോട്ടയത്തിനടുത്ത അയ്മനം ഗ്രാമത്തിൽ നടക്കുന്ന കഥ പറഞ്ഞ ഇന്ത്യൻ - ഇംഗ്ലീഷ് സാഹിത്യകാരൻ അല്ലെങ്കിൽ സാഹിത്യകാരി

(a) മേരി റോയി (b) ശശി തരൂർ

(c) അരുന്ധതി റോയി (d) എം. മുകുന്ദൻ

2. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥമായ കൃതി

(a) ഭാഷാഭൂഷണം (b) ലീലാതിലകം (c) വൃത്തമഞ്ജരി (d) കോകസന്ദേശം

3. കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലമായ കിള്ളിക്കുറിശ്ശിമംഗലം ഏതു പഞ്ചായത്തിലാണ്

(a) ലക്കിടി പേരൂർ (b) മംഗലം

(c) കിള്ളിക്കുറിശ്ശിമംഗലം (d) തേങ്കുറിശി

4. കോവിലൻ എന്നറിയപ്പെടുന്ന മലയാള സാഹിത്യകാരന്റെ യഥാർത്ഥ പേരെന്ത്?

(a) എ. അയ്യപ്പൻ (b) കെ. അയ്യപ്പൻ

(c) ആനന്ദ് (d) വി.വി. അയ്യപ്പൻ

5. ആൺ - പെൺ ലൈംഗികാവയവങ്ങൾ ഒരേ ശരീരത്തിൽ തന്നെ വഹിക്കുന്ന ജീവികൾ

(a) ഉഭയലിംഗകൾ (b) ആൻജിയോസ്പേമുകൾ

(c) ഏകലിംഗകൾ (d) ഇവയൊന്നുമല്ല

6. ശാസ്ത്രപ്രചരണത്തിന് യുനസ്കോ ഏർപ്പെടുത്തിയിരിക്കുന്ന ബഹുമതി

(a) നോബൽ സമ്മാനം (b) ഭട്നഗർ സമ്മാനം

(c) കലിംഗ സമ്മാനം (d) റൈറ്റ് ലൈവ്ലിഹുഡ് സമ്മാനം

7. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യമായി നിയമസഭ രൂപീകരിച്ച രാജാവ്

(a) ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ (b) ശ്രീമൂലംതിരുനാൾ രാമവർമ്മ

(c) സ്വാതിതിരുനാൾ (d) മാർത്താണ്ഡവർമ്മ

8. ഭൂചലനം രേഖപ്പെടുത്തുന്നതിനുള്ള ഉപകരണം

(a) റിക്ടർ സ്കെയിൽ (b) അനിമോമീറ്റർ

(c) സ്ഫിഗ്മോ മാനോമീറ്റർ (d) സീസ്മോഗ്രാഫ്

9. ജീവികളും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പ്രതിപാദിക്കുന്ന ശാസ്ത്രരേഖ

(a) ഇതോളജി (b) ജിയോളജി (c) ഇക്കോളജി (d) എന്റമോളജി

10. ഡച്ചുകാരെ കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെടുത്തിയ തിരുവിതാംകൂർ രാജാവ്

(a) മാർത്താണ്ഡവർമ്മ (b) സ്വാതിതിരുനാൾ

(c) ധർമ്മരാജ (d) ബാലരാമവർമ്മ

11. ഇന്ത്യയിൽ കായികതാരങ്ങൾക്കു നൽകുന്ന ഏറ്റവും വലിയ ബഹുമതി

(a) ദ്രോണാചാര്യ അവാർഡ്

(b) രാജീവ്ഗാന്ധി ഖേൽരത്ന അവാർഡ്

(c) അർജുന അവാർഡ് (d) പുലിസ്റ്റർ അവാർഡ്

12. പടയണി, തെയ്യം, പൂരക്കളി മുതലായ കലകൾക്ക് പൊതുവെ പറയുന്ന പേരെന്താണ്?

(a) നാടൻ കലകൾ (b) അനുഷ്ഠാന കലകൾ

(c) ക്ഷേത്ര കലകൾ (d) ഗോത്ര കലകൾ

13. ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനം എന്തായി ആചരിക്കുന്നു?

(a) തൊഴിലാളി ദിനം (b) ശിശുദിനം

(c) ശാസ്ത്രദിനം (d) അധ്യാപക ദിനം

14. താജ്മഹലിന്റെ ശില്പി

(a) ഷാജഹാൻ (b) മുംതാസ്മഹൽ (c) നൂർജഹാൻ (d) ഉസ്താദ് ഈസ

15. ഏറ്റവും കൂടുതൽ തവണ ഉർവശി അവാർഡ് നേടിയ ചലച്ചിത്ര നടി

(a) ശാരദ (b) ഷബാന ആസ്മി

(c) ശോഭന (d) സീനത്ത് അമൻ

www.keralapscblog.com

16. വന്മരങ്ങളുടെ രൂപഭംഗി നഷ്ടപ്പെടാതെ അവയെ ചെറിയ പാത്രങ്ങളിൽ ചെറുതായി വളർത്തുന്ന കല

(a) ടിഷ്യു കൾച്ചർ (b) ബഡ്ഡിങ് (c) ബോൺസായ് (d) ഗ്രാഫ്റ്റിങ്

17. കഥകളിയിലെ സ്ത്രീവേഷത്തിനു പറയുന്ന പേരെന്താണ്?

(a) മിനുക്ക് (b) കത്തി (c) പച്ച (d) താടി

18. 'ജയ്പൂർ കാലുകൾ' കണ്ടുപിടിച്ചതാരാണ്?

(a) ഡോ.പി.കെ. സേഥി (b) ഡോ.എം.എസ്. വലിയത്താൻ

(c) ഡോ. എച്ച്. ജി. ഖുരാന (d) ജെ.സി.ബോസ്

19. താഴെ പറയുന്നവരിൽ മിതവാദിയല്ലാത്ത നേതാവാരാണ്?

(a) ജി.കെ.ഗോഖലെ (b) ഡബ്ല്യു.സി. ബാനർജി

(c) ഫിറോസ്ഷാ മേത്ത (d) ലാലാ ലജ്പത്റായി

20. സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസിനെ കൂടാതെ എത്ര ജഡ്ജിമാരുണ്ട്?

(a) 11 (b) 25 (c) 15 (d) 12

21. രവീന്ദ്രനാഥടാഗോർ അദ്ദേഹത്തിന്റെ പ്രഭു പദവി തിരിച്ചേൽപ്പിച്ചത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഏതു നടപടിയിൽ പ്രതിഷേധിച്ചാണ്

(a) വർഗീയ പ്രീണനം (b) റൗലറ്റ് നിയമത്തിൽ പ്രതിഷേധിച്ച്

(c) ജാലിയൻ വാലാ ബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച്

(d) ഭിന്നിപ്പിച്ചു ഭരിക്കുന്നതിനെതിരെ

22. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ സാക്ഷരത കൈവരിച്ച ജില്ല

(a) എറണാകുളം (b) കോട്ടയം

(c) തിരുവനന്തപുരം (d) മിഡ്നാപ്പൂർ

23. ഭൗമദിനം എന്നാണ്?

(a) മാർച്ച് 22 (b) ഏപ്രിൽ22 (c) ജനുവരി 30 (d) ഡിസംബർ 1

24. അഷ്ടപ്രധാൻ ആരുടെ സദസിനെ അലങ്കരിച്ചിരിക്കുന്നു

(a) അക്ബർ (b) ജയ്സിംഗ് (c) കൃഷ്ണദേവരായ (d) ശിവജി

25. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രഥമ സമ്മേളനം ചേർന്നത്

(a) ബോംബെയിൽ (b) ഡെൽഹിയിൽ (c) കൽക്കത്തയിൽ (d) മദ്രാസിൽ

26. കൊല്ലവർഷം ആരംഭിച്ചത് എ.ഡി. എത്രാമാണ്ടിലാണ്?

(a) എ.ഡി. 725ൽ (b) എ.ഡി.775 ൽ (c) എ.ഡി. 825 ൽ (d) എ.ഡി. 800ൽ

27. കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി

(a) പട്ടംതാണുപിള്ള (b) ഇ.എം.എസ്. നമ്പൂതിരിപ്പാട്

(c) പനമ്പിള്ളി ഗോവിന്ദമേനോൻ (d) ഇ.കെ. നായനാർ

28. ഗാന്ധിജിയെ ആദ്യമായി 'മഹാത്മാ' എന്നു വിളിച്ചത് ആരാണ്?

(a) നെഹ്റു (b) സുഭാഷ്ചന്ദ്രബോസ്

(c) സർദാർ പട്ടേൽ (d) രവീന്ദ്രനാഥ ടാഗോർ

29. ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി

(a) സരോജിനി നായിഡു (b) വിജയലക്ഷ്മി പണ്ഡിറ്റ്

(c) ആനി ബസന്റ് (d) ക്യാപ്റ്റൻ ലക്ഷ്മി

30. "സാരേ ജഹാം സെ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ" എന്ന ദേശഭക്തിഗാനത്തിന്റെ രചയിതാവ് ആരാണ്?

(a) രവീന്ദ്രനാഥടാഗോർ (b) മുഹമ്മദ് ഇക്ബാൽ

(c) അലി സർദാർ ജഫ്രി (d) അമൃതാപ്രീതം

31. മലബാർ മാന്വൽ എന്ന പ്രസിദ്ധമായ ചരിത്രഗ്രന്ഥം രചിച്ചത് ആരാണ്?

(a) കെ.പി. പത്മനാഭമേനോൻ (b) കെ.വി. കൃഷ്ണയ്യർ

(c) വില്ല്യം ലോഗൻ (d) എ. ശ്രീധരമേനോൻ

32. ബംഗാൾ വിഭജനം നടത്തിയത് ഏത് വർഷത്തിലാണ്

(a) 1857 (b) 1912 (c) 1911 (d) 1905

33. ഇന്ത്യൻ ഭാഷകളിലാദ്യമായി കാറൽ മാർക്സിന്റെ ജീവചരിത്രം തയ്യാറാക്കിയത് മലയാള ഭാഷയിലാണ്. ആരാണ് ഇത് തയ്യാറാക്കിയത്?

(a) കേസരി ബാലകൃഷ്ണപിള്ള (b) പ്രൊ.ജോസഫ് മുണ്ടശ്ശേരി

(c) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

www.keralapscblog.com

(d) നാലാപ്പാട്ട് നാരായണമേനോൻ

34. മേധാ പട്കർ താഴെ പറയുന്നതിൽ ഏതു പ്രസ്ഥാനവുമായിട്ടാണ് ഏറ്റവും അടുത്തു ബന്ധപ്പെടുന്നത്

(a) ചിപ്കോ ആന്തോളൻ (b) നർമദാ ബച്ചാവോ

(c) ഗ്രീൻപീസ് മൂവ്മെന്റ് (d) മുത്തങ്ങ സമരം

35. ഏഷ്യൻ സോഷ്യൽ ഫോറം നടന്നതെവിടെയാണ്?

(a) ഹൈദരാബാദ് (b) കൊളംബോ (c) ചെന്നൈ (d) കൊൽക്കത്ത

36. കേരളത്തിൽ ആഗോളനിക്ഷേപക സംഗമം (*GIM*) നടന്നതെവിടെയാണ്?

(a) കോഴിക്കോട് (b) തൃശൂർ

(c) കൊച്ചി (d) തിരുവനന്തപുരം

37. 'അഗ്നി ചിറകുകൾ' (Wings of Fire) എന്ന കൃതി ആരുടേതാണ്?

(a) മൗലനാ അബുൾ കലാം ആസാദ്

(b) ഹുമയൂൺ കബീർ (c) എം. സി. ചഗ്ല

(d) എ.പി.ജെ. അബ്ദുൾ കലാം

38. ഈ വർഷത്തെ (2003) ലോകപരിസ്ഥിതി ദിനത്തിന്റെ സന്ദേശം താഴെപ്പറയുന്നതിൽ ഏതാണ്?

(a) ഭൂമിക്കൊരു അവസരം നൽകുക

(b) ജലം - 200 കോടി ജനങ്ങൾ അതിനായി കേഴുന്നു

(c) കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുക (d) ആഗോളതാപനം നിയന്ത്രിക്കുക

39. 'കുണ്ടറ വിളംബരം' പുറപ്പെടുവിച്ചത് ആരാണ്?

(a) പഴശ്ശിരാജ (b) പാലിയത്തച്ചൻ

(c) വേലുത്തമ്പി ദളവ (d) ഉമയമ്മറാണി

40. 2003 ലെ ലോകകപ്പ് ക്രിക്കറ്റിൽ വിജയിച്ചതാരാണ്?

(a) ആസ്ട്രേലിയ (b) ഇന്ത്യ (c) പാക്കിസ്ഥാൻ (d) ശ്രീലങ്ക

41. കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിന്റെ മാർച്ചിങ് ഗാനമായ 'വരിക വരിക സഹജരെ സഹനസമര സമയമായ്' എന്നു തുടങ്ങുന്ന പാട്ട് രചിച്ചതാരാണ്?

(a) വള്ളത്തോൾ (b) കുമാരനാശാൻ

(c) ടി.എസ്. തിരുമുമ്പ് (d) അംശി നാരായണപിള്ള

42. അയിത്താചാരത്തിനെതിരെ ഇന്ത്യയിലാദ്യമായി സത്യാഗ്രഹം നടന്നത് കേരളത്തിലായിരുന്നു ഏതായിരുന്നു ഈ സമരം?

(a) വൈക്കം സത്യാഗ്രഹം (b) ഗുരുവായൂർ സത്യാഗ്രഹം

(c) പാലിയം സത്യാഗ്രഹം (d) പയ്യന്നൂർ സത്യാഗ്രഹം

43. കൊച്ചിയിലെ പ്രശസ്ത വിനോദ സഞ്ചാര കേന്ദ്രമായ "ബോൾഗാട്ടി പാലസ്" നിർമ്മിച്ചതാരാണ്?

(a) പോർച്ചുഗീസുകാർ (b) ഡച്ചുകാർ (c) ഇംഗ്ലീഷുകാർ (d) ഫ്രഞ്ചുകാർ

44. ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യത്തെ വൈസ്രോയി

(a) വേവൽ പ്രഭു (b) മൗണ്ട്ബാറ്റൻ പ്രഭു

(c) കാനിംഗ് പ്രഭു (d) ഫ്രഞ്ചുകാർ

45. കേരളപ്പിറവിക്കുശേഷം അധികാരത്തിൽ വന്ന ആദ്യത്തെ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയാര്?

(a) സി. അച്ചുതമേനോൻ (b) കെ.ആർ.ഗൗരിയമ്മ

(c) വി.ആർ കൃഷ്ണയ്യർ (d) പ്രൊ. ജോസഫ് മുണ്ടശ്ശേരി

46. "ഇന്ത്യയെ കണ്ടെത്താൻ" എന്ന പ്രസിദ്ധ ഗ്രന്ഥം രചിച്ചതാര്?

(a) ഗാന്ധിജി (b) ജവഹർലാൽ നെഹ്റു

(c) ഇന്ദിരാഗാന്ധി (d) ആസാദ്

47. 'ബുദ്ധൻ ചിരിക്കുന്നു' എന്നത് ഒരു പരീക്ഷണത്തിന്റെ രഹസ്യസന്ദേശമാണ് ഏതാണ് ഈ പരീക്ഷണം?

(a) 1974 ലെ അണു ആയുധ വിസ്ഫോടനം (b) GSLV വിക്ഷേപണം

(c) 1998 ലെ അണു ആയുധ വിസ്ഫോടനം (d) PSLV പരീക്ഷണം

48. അമ്ലമഴക്ക് ഹേതുവായ വാതകം

(a) കാർബൺ ഡൈ ഓക്സയിഡ് (b) നൈട്രജൻ

(c) സൾഫർ ഡൈ ഓക്സൈഡ് (d) ഹൈഡ്രജൻ

49. സർ. സി.പി. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണഘടനക്ക് എതിരെ നടന്ന വിപുലമായ സമരം

(a) കല്ലറ പാങ്ങോട് സമരം (b) കയ്യൂർ സമരം

(c) കടയ്ക്കൽ വിപ്ലവം (d) പുന്നപ്ര - വയലാർ സമരം

www.keralapscblog.com

50. "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന പ്രശസ്ത നാടകം രചിച്ചതാരാണ്?
(a) പ്രേംജി (b) വി.ടി. ഭട്ടതിരിപ്പാട്
(c) ലളിതാംബിക അന്തർജനം (d) ഇ.എം.എസ്. നമ്പൂതിരിപ്പാട്

51. A mother —— all her children alike
(a) loved (b) loves (c) love (d) loving

52. Usha runs ———
(a) fastly (b) faster (c) fast (d) quick

53. All that glitters ——— not gold
(a) are (b) were (c) have (d) is

54. The correctly spelt word below is
(a) fulfil b) fulfill (c) fulfill (d) fulfile

55. "Invaluable" means
(a) of no value (b) of great value (c) of average value (d) none of these

56. The opposite of "normal"
(a) unnormal (b) non normal (c) abnormal (d) subnormal

57. A person who hates women is a ———
(a) misogynist (b) misnomer (c) masochist (d) purist

58. His marriage ———Mary didn't last long.
(a) with (b) of (c) by (d) to

59. Do sit down, ——?
(a) will you (b) won't you (c) do you (d) can't you

60. Neither the accused nor his lawyer ——— present.
(a) were (b) have (c) was (d) has

61. I ——— my Master's degree last year.
(a) took (b) have taken (c) has taken (d) had taken

62. None of the candidates ——— selected for the post
(a) were not (b) have (c) had (d) was

63. Have you got any —— suggestion?
(a) alternate (b) alternative (c) alternatively (d) alternating

64. If you had asked me, I ——— told you.
(a) will have (b) would (c) would have (d) had

65. "NATO" is a/ an———
(a) acronym (b) pseudonym (c) synonym (d) homonym

66. The word "solar" is a/an ——
(a) verb (b) preposition (c) noun (d) adjective

67. They are living —— now.
(a) abroad (b) in abroad (c) at abroad (d) in foreign

68. "Charity begins at ———"
(a) school (b) home (c) office (d) heart

69. One should always defer —— one's elders.
(a) from (b) about (c) with (d) to

70. There is a ——— case against the minister.
(a) modus operandi (b) prima facie (c) adhoc (d) a priori

71. മനുഷ്യന്റെ സാധാരണ ശരീര ഊഷ്മാവ്
(a) $25^0C$ (b) $20^0C$ (c) $37^0C$ (d) $45^0C$

72. വിറ്റാമിൻ -സിയുടെ കുറവുകൊണ്ടുണ്ടാകുന്ന രോഗം
(a) ബെറിബെറി (b) സ്കർവി (c) നിശാന്ധത (d) റിക്കറ്റ്സ്

73. രോഗപ്രതിരോധ ശക്തി നൽകുന്ന രക്തത്തിലെ പ്രധാന ഘടകം
(a) ശ്വേത രക്താണുക്കൾ (b) ചുവന്ന രക്താണുക്കൾ

www.keralapscblog.com

(c) പ്ലേറ്റ്ലറ്റുകൾ (d) കൊളസ്റ്ററോൾ

74. കുഞ്ഞുങ്ങളുടെ ശ്വസന നിരക്കു സാധാരണ മുതിർന്നവരേക്കാൾ
(a) കൂടുതലായിരിക്കും (b) കുറവായിരിക്കും
(c) തുല്യമായിരിക്കും (d) പകുതിയായിരിക്കും

75. സാധാരണ വയറിളക്ക രോഗങ്ങളിൽ ജലനഷ്ടമുണ്ടാകുമ്പോൾ കുട്ടികളിൽ കണ്ടു വരാത്ത ഒരു ലക്ഷണം
(a) ഉൽസാഹക്കുറവ് (b) മൂത്രം കുറവ്
(c) നാഡിമിടിപ്പ് വർധിക്കുന്നു (d) ശരീര ഊഷ്മാവ് വർധിക്കുന്നു

76. ഡെങ്കിപ്പനി പരത്തുന്ന കൊതുക്
(a) ക്യൂലെക്സ് (b) അനോഫിലസ് (c) ഈഡിസ് (d) മാൻസോണിയ

77. കേരളത്തിലെ ശിശുമരണ നിരക്ക് ആയിരത്തിന് ---------
(a) 14 (b) 25 (c) 8 (d) 30

78. B.C.G കുത്തിവയ്പുകൊണ്ടു തടയാവുന്ന രോഗം
(a) മഞ്ഞപ്പിത്തം (b) ക്യാൻസർ (c) പോളിയോ (d) ക്ഷയരോഗം

79. മുലപ്പാലിൽ എത്ര ഊർജ്ജം അടങ്ങിയിട്ടുണ്ട്?
(a) 10 k.cals/100ml (b) 20 k.cals/100ml
(c) 70 k.cals/100ml (d) 100.kcals/100ml

80. UNICEF ന്റെ ഏഷ്യയിലെ റീജ്യണൽ ഓഫീസ് സ്ഥിതിചെയ്യുന്ന രാജ്യം
(a) ശ്രീലങ്ക (b) പാക്കിസ്ഥാൻ (c) ബംഗ്ലാദേശ് (d) ഇന്ത്യ

81. ദാരിദ്ര്യ നിർമ്മാർജനത്തിനായുള്ള ഒരു സർക്കാർ പദ്ധതി
(a) ഇന്ദിരാ ആവാസ യോജന (b) പ്രധാനമന്ത്രി സടക് യോജന
(c) ട്രൈസം (d) കുടംബശ്രീ

82. ബോർസ്റ്റൽ സ്കൂളുകളുടെ പ്രവർത്തനം ഏതു വിഭാഗത്തിനു വേണ്ടിയാണ്?
(a) ബാല കുറ്റവാളികൾ (b) വനിതകൾ
(c) വികലാംഗർ (d) മാനസിക രോഗികൾ

83. ഗ്രാമസ്വരാജ് എന്ന ആശയം ആരുടെ സംഭാവനയാണ്?
(a) രാജീവ്ഗാന്ധി (b) മഹാത്മാഗന്ധി
(c) ജയപ്രകാശ് നാരായൻ (d) അംബേദ്കർ

84. പെൺശിശുഹത്യ പിന്തുടരുന്ന ഒരു സമൂഹത്തിന്റെ പേര്
(a) മണ്ണാൻ (b) കാട്ടുനായ്ക്കർ (c) കള്ളാർ (d) നാഗൻ

85. സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ആസ്ഥാനം എവിടെയാണ്?
(a) ന്യൂഡെൽഹി (b) ആഗ്ര
(c) കൽക്കട്ട (d) തിരുവനന്തപുരം

86. വിവാഹം നടത്താനായി ഒരു പുരുഷന്റെ കുറഞ്ഞ പ്രായപരിധി എത്രയാണ്?
(a) 16 (b) 18 (c) 21 (d) 20

87. തിരുവനന്തപുരത്തെ 'അമ്മത്തൊട്ടിൽ' ആരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു?
(a) വനിതാ കമ്മീഷൻ (b) നെഹ്റു യുവ കേന്ദ്ര
(c) മിത്രനികേതൻ (d) സംസ്ഥാന ശിശുക്ഷേമ സമിതി

88. കേരളത്തിലെ സാമൂഹിക ക്ഷേമ വകുപ്പു മന്ത്രിയാരാണ്?
(a) കെ. ശങ്കരനാരായണൻ (b) പി.കെ. കുഞ്ഞാലിക്കുട്ടി
(c) സി.എഫ്. തോമസ് (d) എം.വി. രാഘവൻ

89. കേരളത്തിലെ ഒരു ആദിവാസി വിഭാഗത്തിന്റെ പേര്?
(a) പണിയൻ (b) തീയൻ (c) നാടാർ (d) വാലൻ

90. ഏതെങ്കിലുമൊരു സമുദായത്തെ പട്ടികജാതി / പട്ടിക വർഗ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ളഅധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്?
(a) സംസ്ഥാന മുഖ്യമന്ത്രി (b) ഗവർണർ
(c) കേന്ദ്ര ആസൂത്രണ ബോർഡ് ചെയർമാൻ (d) രാഷ്ട്രപതി

91. ബാലവേലയ്ക്കു കുപ്രസിദ്ധമായ ഒരു സ്ഥലം
(a) ഡെൽഹി (b) ശിവകാശി (c) തിരുപ്പതി (d) പാലക്കാട്

92. അനാഥക്കുട്ടികൾക്കായി നടത്തപ്പെടുന്ന അന്തർദേശീയ സ്ഥാപനം
(a) ലയൺസ് ക്ലബ് (b) ആംനസ്റ്റി ഇന്റർനാഷണൽ
(c) SOS വില്ലേജ് (d) ഗ്രീൻപീസ്

93. ഐ.സി.ഡി. എസ്. പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണ്?
(a) കുട്ടികൾ (b) വൃദ്ധൻ
(c) കരാർ തൊഴിലാളികൾ (d) പ്രവാസികൾ

94. സ്ത്രീ - പുരുഷ അനുപാതം അനുസരിച്ച് സമൂഹത്തിൽ സ്ത്രീകൾ കൂടുതലായുള്ള ഒരു സംസ്ഥാനം
(a) പശ്ചിമബംഗാൾ (b) ഹരിയാന (c) സിക്കിം (d) കേരളം

95. പട്ടികജാതി / വർഗ സംവരണം ഏതു വർഷം വരേയാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്
(a) 2020 (b) 2005 (c) 2010 (d) 2050

www.keralapscblog.com

96. മേരി റോയി കേസിലെ സുപ്രീം കോടതി വിധിയുടെ പ്രധാന തീരുമാനമെന്താണ്
(a) ബാലവേല നിരോധനം
(b) ക്രിസ്ത്യൻ സ്ത്രീകൾക്കു സ്വത്തിൽ തുല്യാവകാശം
(c) സ്ത്രീധന നിരോധനം (d) സ്ത്രീകൾക്കു തൊഴിൽ സംവരണം

97. കേരളത്തിലെ ഒരു പ്രമുഖ പരിസ്ഥിതി പ്രവർത്തക
(a) കമലാ സുരയ്യ (b) ഏലിയാമ്മ വിജയൻ
(c) എം. ലീലാവതി (d) സുഗതകുമാരി

98. ഇന്ത്യയുടെ ഹരിതവിപ്ലവത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ച മലയാളി കൃഷി ശാസ്ത്രജ്ഞൻ
(a) എം.എസ്. സ്വാമിനാഥൻ (b) വി. കുര്യൻ
(c) ജോർജ് സുദർശൻ (d) എം.ഡി.ദാമോദരൻ

99. മറ്റു പിന്നോക്ക വിഭാഗങ്ങളുടെ (OBC) പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ കേരളാ സർക്കാർ നിയമിച്ച കമ്മീഷൻ?
(a) ജസ്റ്റിസ് ജാനകിയമ്മ കമ്മീഷൻ (b) നെട്ടൂർ കമ്മീഷൻ
(c) മണ്ഡൽ കമ്മീഷൻ (d) മോഹൻകുമാർ കമ്മീഷൻ

100. മറ്റു പിന്നോക്ക വിഭാഗങ്ങളിലെ വെണ്ണപ്പാളിയെ (*Creamy layer*) സംവരണ ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന നിർദേശം ആരിൽനിന്നാണുണ്ടയത്?
(a) കേന്ദ്ര സർക്കാർ (b) കേരള സർക്കാർ
(c) സുപ്രീം കോടതി (d) ഇന്ത്യൻ പ്രസിഡന്റ്

# I.C.D.S. സൂപ്പർവൈസർ പരീക്ഷ 2004

1. (c) അരുന്ധതിറോയി
   - ദി ഗോഡ് ഓഫ് സ്മാൾതിംഗ്സ് എന്ന കൃതിയിലാണ് അയ്മനം ഗ്രാമത്തെകുറിച്ച് പ്രതിപാദിക്കുന്നത്.
   - ദിഗ്രേറ്റർ കോമൺഗുഡ്, ആൾജിബ്ര ഓഫ് ഇൻഫിനിറ്റ് ജസ്റ്റിസ്, ദി എൻഡ് ഓഫ് ഇമാജിനേഷൻ എന്നിവ ഇവരുടെ മറ്റു പ്രധാന കൃതികളാണ്.
2. (b) ലീലാതിലകം
   - ഈ സംസ്കൃതഗ്രന്ഥത്തിൽ മലയാളഭാഷയുടെയും സംസ്കൃതത്തിന്റെയും സംയോഗമാണ് മണിപ്രവാളം എന്നുപറയുന്നുണ്ട്.
3. (a) ലക്കിടി പേരൂർ
   - പാലക്കാട്ജില്ലയിലെ ലക്കിടിയിലാണ് കിളിക്കുറിശ്ശിമംഗലം.
   - കല്യാണസൗഗന്ധികം, കിരാതം, ഘോഷയാത്ര, ബാലിവിജയം, സ്യമന്തകം, കാർത്തവീര്യാർജുനവിജയം, ത്രിപുരദഹനം എന്നിവ ഇദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്.
   - തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് - കുഞ്ചൻനമ്പ്യാർ
   - തുള്ളൽകൃതികളിലെ മുഖ്യവൃത്തം - തരംഗിണി
4. (d) വി.വി.അയ്യപ്പൻ
   - തട്ടകം, തോറ്റങ്ങൾ, എ മൈനസ് ബി, പ്രവാസി എന്നിവ ഇദ്ദേഹത്തിന്റെ കൃതികളാണ്.
5. (a) ഉഭയലിംഗജീവികൾ
   - മണ്ണിര, നാടവിര, തെങ്ങ്, മാവ് മുതലായവ ഉഭയലിംഗജീവികൾക്കുദാഹരണങ്ങളാണ്.
   - ചില ജീവികളിൽ ആൺപെൺലിംഗകോശങ്ങൾ പ്രത്യേകം ആൺപെൺ ജീവികളിലാണുണ്ടാകുന്നത് എങ്കിൽ ഇത്തരം ജീവികളെ ഏകലിംഗജീവികൾ എന്നുപറയുന്നു.
   - മനുഷ്യൻ, നായ, പക്ഷികൾ, മത്സ്യങ്ങൾ, കരിമ്പന, ജാതിമരം മുതലായവ ഏകലിംഗജീവികൾക്കുദാഹരണമാണ്.
6. (c) കലിംഗപുരസ്ക്കാരം
   - മുൻ ഒറീസാ മുഖ്യമന്ത്രിയായിരുന്ന ബിജുപട്നായക് സ്ഥാപിച്ച കലിംഗ ഫൗണ്ടേഷനാണ് ഈ അവാർഡ് നൽകാനുള്ള ധനസഹായം UNESCO യ്ക്ക് നൽകിയത്.
   - 1952 ലാണ് ഈ അവാർഡ് ശാസ്ത്ര രംഗത്തെ പ്രവർത്തനങ്ങൾക്ക് നൽകി തുടങ്ങിയത്.
7. (b) ശ്രീമൂലം തിരുനാൾരാമവർമ്മ
   - 1888 ൽ സ്ഥാപിച്ച ശ്രീമൂലം ലെജിസ്ലേറ്റീവ് അസംബ്ലി ആണ് 1904 ൽ ശ്രീമൂലം പ്രജാസഭയായിമാറിയത്.
   - ശ്രീമൂലം ലെജിസ്ലേറ്റീവ് അംസബ്ലിയിൽ ദിവാനുൾപ്പെടെ 9 അംഗങ്ങളാണ് ഉണ്ടായിരുന്നത്.
   - ശ്രീമൂലംപ്രജാസഭയിൽ അംഗങ്ങളുടെ എണ്ണം 15 ആയി മാറി.
   - പുരാവസ്തുവകുപ്പ് ഇദ്ദേഹത്തിന്റെ കാലത്താണ് തുടങ്ങിയത്.
   - ബ്രിട്ടീഷ് ഇന്ത്യൻ മോഡൽ ഭരണസംവിധാനം തിരുവിതാംകൂറിൽ ആരംഭിച്ചത് സ്വാതിതിരുനാളാണ്.
   - കടൽയാത്രനടത്തിയ ആദ്യ തിരുവിതാംകൂർ രാജാവ് - ശ്രീചിത്തിരതിരുനാൾ മഹാരാജാവ്.
8. (a) റിക്ടർ സ്കെയിൽ
   - ഒന്നുമുതൽ പത്ത് വരെയാണ് റിക്ടർ സ്കെയിലിലെ അളവ്, തോത് 5.5 ൽ കൂടുതലായാൽ ഭൂകമ്പം വൻനാശനഷ്ടങ്ങളുണ്ടാകും.
   - ഭൂകമ്പങ്ങളുടെ തീവ്രത ആദ്യമായി തരംതിരിച്ച ചാൾസ് എഫ് റിക്ടറിന്റെ ഓർമ്മയ്ക്കായാണ് റിക്ടർസ്കെയിലിന് ആ പേര് നല്കിയത്.
   - ഭൂകമ്പതരംഗങ്ങൾ രേഖപ്പെടുത്തുവാനാണ് സീസ്മോഗ്രാഫ് ഉപയോഗിക്കുന്നത്.

www.keralapscblog.com

- 1880 ൽ ജോൺ മിൽനിയാണ് സീസ്മോഗ്രാഫ് കണ്ടെത്തിയത്.

9. (c) ഇക്കോളജി
   - ഇത്തോളജി - ജീവികളുടെ പെരുമാറ്റത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രശാഖ.
   - ഭൂമിയുടെ ഘടന, അവസ്ഥ എന്നിവയെക്കുറിച്ചുള്ള പഠനമാണ് ജിയോളജി.
   - പ്രാണികളെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയാണ് എന്റമോളജി.

10. (a) മാർത്താണ്ഡവർമ്മ
    - ആധുനിക തിരുവിതാംകൂറിന്റെ ശില്പി എന്നറിയപ്പെടുന്നത് മാർത്താണ്ഡവർമ്മയാണ്.
    - ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ മുറ ജപം, ഭദ്രദീപം എന്നിവ ആരംഭിച്ചത് മാർത്താണ്ഡവർമ്മയാണ്.
    - തിരുവിതാംകൂറിൽ ജന്മിത്വഭരണം അവസാനിപ്പിച്ചത് മാർത്താണ്ഡവർമ്മയാണ്.
    - 1741 ആഗസ്റ്റ് 10 നാണ് ഡച്ചുകാരെ തോല്പിച്ച കുളച്ചൽയുദ്ധം മാർത്താണ്ഡവർമ്മ നടത്തിയത്.
    - തിരുവിതാംകൂറിലെ ആദ്യത്തെ ഭൂസർവെ മാർത്താണ്ഡവർമ്മയുടെ കാലത്താണ് നിലവിൽവന്നത്.
    - മാർത്താണ്ഡവർമ്മ ജനിച്ചത് 1729 ലും അന്തരിച്ചത് 1756 ലുമാണ്.

11. (b) രാജീവ്ഗാന്ധിഖേൽരത്ന അവാർഡ്
    - 1991-92 ൽ ഏർപ്പെടുത്തിയ ഈ അവാർഡ് ആദ്യമായി ലഭിച്ചത് വിശ്വനാഥൻ ആനന്ദിനാണ്.
    - രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് നേടുന്ന ആദ്യ വനിത കർണ്ണംമല്ലേശ്വരിയാണ്.
    - രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് നേടുന്ന ആദ്യമലയാളി കെ.എം. ബീനമോൾ.
    - ഇന്ത്യയിലെ കായികതാരങ്ങൾക്ക് കേന്ദ്രസർക്കാർ ആദ്യമായി ഏർപ്പെടുത്തിയ അവാർഡാണ് അർജ്ജുനഅവാർഡ്.
    - അർജുന അവാർഡ് ആദ്യം ലഭിച്ച മലയാളി - ഹവിൽദാർ ബാലകൃഷ്ണനാണ്.
    - അർജുനഅവാർഡ് നേടുന്ന ആദ്യമലയാളിവനിത - കെ.സി.ഏലിയാമ്മ
    - ജേർണലിസം, സാഹിത്യരചന, സംഗീതം, മനേജ്മെന്റ് എന്നി മേഖലകളിലെ മികച്ച സംഭാവനങ്ങൾക്ക് യു.എസ്.എ നല്കുന്ന അവാർഡാണ് പുലിറ്റ്സ്സർ
    - ആദ്യമായി ഈ സമ്മാനം നേടുന്ന ഇന്ത്യക്കാരി - ജുമ്പാലഹിരി
    - മികച്ച കായികപരിശീലകന് നല്കുന്ന അവാർഡാണ് ദ്രോണാചാര്യഅവാർഡ്

12. (b) അനുഷ്ഠാനകലകൾ
    - തെയ്യം, തിറ, പൂരക്കളി, ചിന്മാനിക്കിളി, കണ്യാർകളി, പടയണി, കുത്തിയോട്ടം, മുടിയേറ്റ്, വേലകളി, അയ്യപ്പൻ തീയാട്ട്, കളമെഴുത്ത് പാട്ട്, ഗദ്ദിക എന്നിവയാണ് അനുഷ്ഠാനകലകൾ.

13. (d) അധ്യാപകദിനം
    - ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം ശിശുദിനമായി ആചരിക്കുന്നു.
    - സി.വി.രാമൻ രാമൻ ഇഫക്ട് കണ്ടെത്തിയ ദിനം ഇന്ത്യയിൽ ശാസ്ത്രദിനമായി ആചരിക്കുന്നു.

14. (d) ഉസ്താദ് ഈസ
    - താജ്മഹലിന്റെ പ്രധാനമന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 1643 ലാണ്.
    - താജ്മഹലിന്റെ നിറം മങ്ങിക്കൊണ്ടിരിക്കുകയാണെന്നും ഇതിന് കാരണമാകുന്നത് സമീപത്തെ എണ്ണ ഫാക്ടറികളിൽ നിന്ന് പുറത്തേയ്ക്ക് വിടുന്ന സൾഫർഡയോക്സൈഡ് എന്ന വാതകമാണെന്നും പഠനങ്ങൾ തെളിയിക്കുന്നു.

15. (b) ഷബാന ആസ്മി
    - ഏറ്റവും കൂടുതൽ തവണ ദേശീയ അവാർഡ് ലഭിച്ച മലയാളി നടിമാർ - ശോഭന, ശാരദ.
    - 1968 ശാരദ - തുലാഭാരം
    - 1972 ശാരദ - സ്വയംവരം
    - 1979 ശോഭ -പശി (തമിഴ്)
    - 1986 - മോനിഷ - നഖക്ഷതങ്ങൾ
    - 1993 - ശോഭന - മണിചിത്രത്താഴ്
    - 2001 - ശോഭന - മിത്ര്മൈഫ്രണ്ട് (ഇംഗ്ലീഷ്)
    - 2003 - മീരാജാസ്മിൻ - പാഠം ഒന്ന് ഒരു വിലാപം

16. (c) ബോൺസായ്
    - ബോൺസായ് കൃഷി രീതിയുടെ ഉപജ്ഞാതാക്കൾ ജപ്പാൻകാരനാണ്.

17. (a) മിനുക്ക്
    - മുനിമാർക്കുള്ള വേഷവും മിനുക്ക് ആണ്.
    - പച്ച - നായകൻമാർക്കുള്ള വേഷം

18. (a) ഡോ.പി.കെ.സേഥി

19. (d) ലാലാലജ്പത്റായി
    - പഞ്ചാബ് സിംഹം എന്നറിയപ്പെടുന്നത് ലാലാലജ്പത്റായിയാണ്.
    - 1928 ൽ സൈമൺ കമ്മീഷനെതിരെ പ്രതിഷേധ ജാഥ നയിച്ചു കൊണ്ടിരുന്നപ്പോൾ പോലീസ് മർദ്ദനമേറ്റു അതിനെ തുടർന്ന് മരണമടഞ്ഞു.
    - ബാലഗംഗാധരതിലക്, ലാലാലജ്പത് റായി, ബിപിൻ ചന്ദ്രപാൽ എന്നീ തീവ്രവാദി നേതാക്കളാണ് ലാൽ - ബാൽ-പാൽ എന്ന് അറിയപ്പെട്ടിരുന്നത്.

20. (-) 30
    - സുപ്രിം കോടതയിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ 31 പേരാണ് ഉള്ളത്.

www.keralapscblog.com

- 1950 ലാണ് സുപ്രീം കോടതി നിലവിൽവന്നത്.
- ഏകീകൃതമായ സമ്പ്രദായമാണ് ഇന്ത്യയിലെ കോടതിയുടെ സമ്പ്രദായം.
- സുപ്രീം കോടതി ജഡ്ജിമാർക്ക് സുപ്രീം കോടതയിൽ നിന്ന് പെൻഷൻ പറ്റിപിരിഞ്ഞ ശേഷം ജോലിയിൽ ഏർപ്പെടാൻ പാടുള്ള ഏകകോടതിയാണ് ഹൈക്കോടതി.
- ഇന്ത്യയുടെ ആദ്യ ചീഫ് ജസ്റ്റിസ് - ജസ്റ്റിസ് എച്ച്.ജെ. കനിയ.
- ഇന്ത്യയുടെ ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് - ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ
- ഇന്ത്യയുടെ 37-ാമത് ചീഫ് ജസ്റ്റിസ് ആണ് ഇദ്ദേഹം.

21. (c) ജാലിയൻ വാലാ ബാഗ്കൂട്ടക്കൊലയിൽ പ്രതിഷേധിച്ച്

22. (a) എറണാകുളം
- 1990 ഫെബ്രുവരി 4ന് ആണ് സമ്പൂർണ്ണ സാക്ഷരതാജില്ലയായി ഏറണാകുളത്തെ പ്രഖ്യാപിച്ചത്.
- കേരളം സമ്പൂർണ്ണ സാക്ഷരത സംസ്ഥാനമായി പ്രഖ്യാപിച്ചത് 1991 ഏപ്രിൽ 18ന് കോഴിക്കോട്ട് വച്ചായിരുന്നു.
- ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷരതനഗരം - കോട്ടയം (പ്രഖ്യാപനം 1989 ജൂൺ 25)
- കേരളത്തിൽ സാക്ഷരതാ ഏറ്റവും കുറഞ്ഞ ജില്ല - പാലക്കാട്
- സാക്ഷരതയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം - കേരളം (90.92%)

23. (b) ഏപ്രിൽ 22
- മാർച്ച് 22 - ലോകജലദിനം
- ജനുവരി 30 - രക്തസാക്ഷിദിനം
- ഡിസംബർ - ലോക എയ്ഡ്സ് ദിനം

24. (d) ശിവജി
- ഹൈന്ദവധർമോദ്ധാരക് എന്ന പട്ടം സ്വീകരിച്ചത് - ശിവജി
- ശിവജിഛത്രപതിയായി സിംഹാസനമേറിയത് - റായ്ഘട്ടിൽ (1674ൽ)
- പേഷ്വമാറിൽ രണ്ടാം ശിവജി എന്നറിയപ്പെട്ട പരാക്രമി - ബാജിറാവു

25. (a) ബോംബെയിൽ
- 1885 ആണ് ഇന്ത്യൻനാഷണൽ കോൺഗ്രസ് സ്ഥാപിക്കപ്പെട്ടത്.
- ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ എണ്ണം - 72
- ആദ്യ പ്രമേയം അവതരിപ്പിച്ചത് ജി. സുബ്രഹ്മണ്യ അയ്യർ

26. (c) എ.ഡി.825 ൽ

27. (b) ഇ.എം.എസ്. നമ്പൂതിരിപ്പാട്
- ക്രൈസിസ് ഇൻ ടു കയോസ് എന്ന കൃതിയുടെ രചയിതാവ് - ഇ.എം.എസ്.
- ഇ.എം.എസ്. പ്രധാന പ്രതിപാദ്യമായി വരുന്ന മുകുന്ദന്റെ നോവൽ - കേശവന്റെ വിലാപങ്ങൾ
- ഇ.എം.എസ്സിന്റെ ആത്മകഥ - 'ആത്മകഥ'
- 1932 ൽ കേരളത്തിലെ കോൺഗ്രസ് ഡിക്ടേറ്റർ എന്ന പദവി സ്വീകരിച്ച മുഖ്യമന്ത്രി - ഇ.എം.എസ്.
- കേരള കൃഷിവല രൂപീകരിച്ചത് - ഇ.എം.എസ്.
- രണ്ടു സംസ്ഥാനങ്ങളിലെ ഗവർണർ പദവി അലങ്കരിച്ച രണ്ടു പ്രാവശ്യം കേരള മുഖ്യമന്ത്രി ആയ വ്യക്തി - പട്ടംതാണു പിള്ള

28. (d) രവീന്ദ്രനാഥടാഗോർ
- കൊൽക്കത്തയിലെ ബോലാപ്പൂരിൽ 1901 ൽ ഇദ്ദേഹം സ്ഥാപിച്ച സ്കൂളാണ് ശാന്തിനികേതൻ
- ശാന്തിനികേതന്റെ ഇപ്പോഴത്തെ പേര് - വിശ്വഭാരതി സർവകലാശാല
- ഗോൽഡൻഗേറ്റ് (1893), Late Harvest (1896), Dreams (1900)എന്നിവ ഇദ്ദേഹത്തന്റെ പ്രസിദ്ധമായ കൃതികളാണ്.
- ഇദ്ദേഹം അന്തരിച്ചത് 1941 ആഗസ്റ്റ് 7ന് ആണ്.

29. (a) സരോജിനി നായിഡു
- ഐക്യരാഷ്ട്രസഭയുടെ ആദ്യ വനിതാ പ്രസിഡന്റ് -വിജയലക്ഷ്മി പണ്ഡിറ്റ്
- ഇന്ത്യയിലെ ആദ്യത്തെ വനിതാ അംബാസിഡർ - വിജയലക്ഷ്മി പണ്ഡിറ്റ്
- ഹോംറൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് - ആനിബസന്റ്

30. (b) മുഹമ്മദ് ഇക്ബാൽ
- ഈ ഗാനത്തിന് സംഗീതം നല്കിയത് പണ്ഡിറ്റ് രവിശങ്കർ ആണ് 1945 ൽ.
- പഞ്ചാബി നോവലിസ്റ്റും കവയത്രിയുമായ അമൃതാപ്രീതത്തിന്റെ കൃതിയാണ് കാഗസ് കീ കാൻവാസ്.

31. (c) വില്ല്യം ലോഗൻ

32. (d) 1905
- ലോർഡ് കഴ്സൺ ആണ് ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി.
- ബംഗാൾ വിഭജനം റദ്ദുചെയ്ത വൈസ്രോയി - ഹാർഡിഞ്ച് II 1911 ൽ

33. (c) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടവർഷം -1910 സെപ്തംബർ 26
- പത്രപ്രവർത്തനത്തെകുറിച്ച് മലയാളഭാഷയിൽ എഴുതപ്പെട്ട ആദ്യകൃതി - വൃത്താന്ത പത്രപ്രവർത്തനം.
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പ്രതിമസ്ഥിതിചെയ്യുന്ന സ്ഥലം - നെയ്യാറ്റിൻകര, തിരുവനന്തപുരം.
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അന്തരിച്ചവർഷം 1916 ഏപ്രിൽ 16ന് കണ്ണൂരിൽ വച്ച്.

www.keralapscblog.com

- കേരളൻ എന്ന തൂലികനാമത്തിൽ 1905 വരെ എഴുതിയ വ്യക്തി- സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
- പത്രപ്രവർത്തകരുടെ ബൈബിൾ എന്നറിയപ്പെടുന്ന കൃതി - വൃത്താന്തപത്രപ്രവർത്തനം.
- എന്റെ നാടുകടത്തൽ എന്നത് ഇദ്ദേഹത്തിന്റെ ആത്മകഥയാണ്.

34. (b) നർമ്മദാ ബച്ചാവോ
- 1986 ലാണ് നർമദാ ബച്ചാവോ ആന്ദോളൻ രൂപം കൊണ്ടത്.
- വയനാടിലെ മുത്തങ്ങ സംഭവുമായി ബന്ധപ്പെട്ട വ്യക്തിയാണ് - സി.കെ.ജാനു
- സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച പാർട്ടി -രാഷ്ട്രീയ മഹാജന സഭ
- ആഗോള പരിസ്ഥിതിസംരക്ഷണവും പ്രചാരണവും ലക്ഷ്യമാക്കി 1971 ൽ ആംസ്റ്റർഡാമിൽ രൂപംകൊണ്ട സംഘടന - ഗ്രീൻപീസ്
- 'ചിപ്കോ' എന്ന ഹിന്ദിവാക്കിനർത്ഥം ആലിംഗനം ചെയ്യുക എന്നതാണ്.
- 1973 ലാണ് ചിപ്കോ പ്രസ്ഥാനം ആരംഭിച്ചത്.

35. (a) ഹൈദ്രാബാദ്
- ലോകസോഷ്യൽ ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന്റെ സ്ഥിരം വേദി - ബ്രസീലിലെ പോർട്ടോ അലെഗ്രാ
- ലോകസോഷ്യൽ ഫോറത്തിന്റെ ആദ്യസമ്മേളനം നടന്നത് - 2001 ജനുവരിയിൽ
- "Another World is possible' എന്നതാണ് ലോകസോഷ്യൽ ഫോറത്തിന്റെ മുഖവാക്യം.
- ലോക സോഷ്യൽ ഫോറത്തിന്റെ വാർഷിക സമ്മേളനം ആദ്യമായി ബ്രസീലിനു പുറത്ത് നടന്നത് - 2004 ൽ മുംബൈയിലാണ്.

36. (c) കൊച്ചി
- കേരളത്തിലെ ഏറ്റവും ചെറിയ കോർപ്പറേഷൻ - കൊച്ചി
- കേരളത്തിലെ ഏക മനുഷ്യനിർമിത ദ്വീപായ വെല്ലിംഗ്ടൺ ദ്വീപ് സ്ഥിതിചെയ്യുന്നത് - കൊച്ചിയിൽ
- പോർട്ടുഗീസുകാർ ഇന്ത്യയിൽ ആദ്യം നിർമ്മിച്ച പള്ളിയായ സെന്റ് ഫ്രാൻസിസ് ചർച്ച് സ്ഥിതിചെയ്യുന്നത് - ഫോർട്ട് കൊച്ചിയിൽ

37. (d) എ.പി.ജെ.അബ്ദുൾകലാം
- ഇദ്ദേഹത്തിന്റെ ആത്മകഥയാണ് അഗ്നിചുറകുകൾ.
- ദി ലൂ മിനിക്സ് സ്പാർക്ക്, മിഷൻ ഇന്ത്യ - എ വിഷൻ ഫോർ ഇൻഡ്യൻ യൂത്ത്, ഇഗ്നൈറ്റഡ് മൈൻഡ്സ് - അൺലീഷിംഗ് ദ പവർ വിത്തിൻ ഇന്ത്യ. എന്നിവ ഇദ്ദേഹത്തിന്റെ മറ്റു കൃതികളാണ്.
- ദി ലൈഫ് ട്രീ ഇദ്ദേഹത്തിന്റെ തമിഴ് കവിതയാണ്.
- അബ്ദുൾകലാമിന്റെ ആത്മകഥയായ അഗ്നിചിറകുകൾ എഴുതുന്നതിന് അദ്ദേഹത്തെ സഹായിച്ച വ്യക്തിയാണ് അരുൺതിവാരി.

38. (b) ജലം - 200 കോടി ജനങ്ങൾ അതിനായി കേഴുന്നു.

39. (c) വേലുത്തമ്പിദളവ
- 1809 ജനുവരി 11നാണ് കുണ്ടറ വിളംബരം നടത്തിയത്.
- വേലുത്തമ്പിദളവ ആത്മഹത്യചെയ്ത സ്ഥലം മണ്ണടി പത്തനംതിട്ട ജില്ലയിലാണ് (1809 മാർച്ച് 29)
- തിരുവിതാംകൂറിൽ ഹജൂർ എന്ന പേരിൽ നീതിന്യായകോടതി കച്ചേരി ആദ്യമായി ഉണ്ടാക്കിയത് വേലുതമ്പിദളവയാണ്.

40. (a) ആസ്ട്രേലിയ
- ആദ്യ ലോകകപ്പ് ക്രിക്കറ്റ് നടന്നത് - 1975 ഇംഗ്ലണ്ടിലെ ലോർഡ്സിൽ
- ആദ്യ ലോകകപ്പ് ക്രിക്കറ്റ് ജേതാക്കൾ - വെസ്റ്റ് ഇൻഡീസ്
- ഇന്ത്യ ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയത് - 1983 ൽ
- ലോകകപ്പിൽ ഏറ്റവുമധികം മാൻ ഓഫ് ദ് മാച്ച് അവാർഡ് നേടിയത് - സച്ചിൻ ടെണ്ടുൽക്കർ

41. (d) അംശി നാരായണപിള്ള
- മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മാർത്യനുപെറ്റമ്മതൻ ഭാഷതാൻ ഈ കവിത - വള്ളത്തോൾ നാരായണമേനോൻ
- "ഈ വല്ലിയിൽ നിന്നൂ ചെമ്മേ പൂക്കൾ പോകുന്നിതാ പറന്നമ്മേ' ഈ കവിത - കുമാരനാശാൻ
- 'അഖിലാണ്ഡ മണ്ഡലമണിയിച്ചൊരുക്കി അതിനുള്ളലാനന്ദദീപം കൊളുത്തി ഈ കവിത - പന്തളം കെ.പി.രാമൻപിള്ള
- ജയ ജയ കോമള കേരളധരണീ, ജയ ജയ മാമക പൂജിത ജനനി ഈ കവിത - ബോധേശ്വരൻ

42. (a) വൈക്കം സത്യാഗ്രഹം
- 1924 മാർച്ച് 30 ന് ആണ് വൈക്കംസത്യാഗ്രഹം ആരംഭിച്ചത്
- 603 ദിവസങ്ങൾ ഈ സമരം നീണ്ടുനിന്നു.
- വൈക്കം സത്യാഗ്രഹത്തോട് അനുബന്ധിച്ച് 'സവർണജാഥ' നയിച്ചത് - മന്നത്ത് പത്മനാഭൻ
- വൈക്കം സത്യാഗ്രഹത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചത് - 1999 മാർച്ച് 30 ന്
- ഗുരുവായൂർ സത്യാഗ്രഹം - 1931 ൽ

43. (b) ഡച്ചുകാർ
- ബോൾഗാട്ടി പാലസ് സ്ഥിതിചെയ്യുന്നത് കൊച്ചിയിലാണ് (എറണാകുളം ജില്ല)
- 1744 ൽ ഡച്ചുകാർ പണിതതാണ് ബോൾഗാട്ടി പാലസ്.
- കേരളീയമാതൃകയിൽ യൂറോപ്യൻമാർ ഇന്ത്യയിൽ നിർമ്മിച്ച ആദ്യ മന്ദിരം - മട്ടാഞ്ചേരി കൊട്ടാരം.
- പോർച്ചുഗീസുകാർ കൊച്ചിയിൽ പണിതകോട്ട - ഫോർട്ട് മാനുവൽ

44. (c) കാനിംഗ് പ്രഭു

**www.keralapscblog.com**

- ബ്രിട്ടീഷ് ഇന്ത്യയുടെ അവസാന ഗവർണർ ജനറൽ - കാനിംഗ്പ്രഭു
- ഇന്ത്യൻ സിവിൽസർവ്വീസ് ആക്ട് പാസ്സാക്കിയത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്.
- സ്വതന്ത്ര്യഇന്ത്യയിലെ ആദ്യഗവർണർ ജനറൽ - മൗണ്ട്ബാറ്റൻപ്രഭു

45. (d) പ്രൊഫ.ജോസഫ്മുണ്ടശ്ശേരി
- വി.ആർ. കൃഷ്ണയ്യർ - നിയമം, ഇലക്ട്രിസിറ്റി
- സി. അച്യുതമേനോൻ - ധനകാര്യം
- കെ.ആർ.ഗൗരി - റവന്യൂ, എക്സൈസ്

46. (b) ജവഹർലാൽ നെഹ്രു

47. (a) 1974 ലെ അണു ആയുധ വിസ്ഫോടനം
- 1998 മേയ് 11 നായിരുന്നു ഇന്ത്യയുടെ രണ്ടാമത്തെ അണുപരീക്ഷണം. ഇതിന് നല്കിയ രഹസ്യകോഡ് “ബുദ്ധൻ വീണ്ടും ചിരിക്കുന്നു” എന്നാണ്.
- ലോകത്തിലെ ആദ്യ അണുപരീക്ഷണം നടന്നത് - 1945 ജൂലായ് 16ന് അമേരിക്കയിലെ ന്യൂമെക്സിക്കോയിലെ അലമോഗോർഡയിലാണ്. ഈ പരീക്ഷണത്തിന് നല്കിയ രഹസ്യകോഡ് ത്രിമൂർത്തികൾ എന്നാണ്.
- സോവിയറ്റ് യൂണിയൻ ആദ്യമായി അണുപരീക്ഷണം നടത്തിയത് 1949 ആഗസ്റ്റ് 29നായിരുന്നു. ഇതിന് നല്കിയ രഹസ്യനാമം “ഫസ്റ്റ് ലൈറ്റിനിങ് എന്നാണ്.

48. (c) സൾഫർ ഡൈ ഓക്സൈഡ്
- അമ്ളമഴയുടെ പി.എച്ച്. മൂല്യം 5.6 ആണ്.

49. (d) പുന്നപ്ര-വയലാർ സമരം
- 1946 ലാണ് പുന്നപ്രവയലാർ സമരം നടന്നത്.
- പുന്നപ്ര ആലപ്പുഴ ജില്ലയിലാണ്.
- ഈ സമരത്തെ തുടർന്നാണ് തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരാൻ തീരുമാനിച്ചത്.
- “അമേരിക്കൻ ഭരണം അറബിക്കടലിൽ” എന്നത് ഈ സമരവുമായി ബന്ധപ്പെട്ട മുദ്രാവാക്യമാണ്.
- കയ്യൂർ സമരം നടന്നത് 1941 ലാണ്.
- കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലാണ് കയ്യൂർ സ്ഥിതിചെയ്യുന്നത്.

50. (b) വി.ടി.ഭട്ടതിരിപ്പാട്
- ഇദ്ദേഹത്തിന്റെ ആത്മകഥയാണ് കണ്ണീരും കിനാവും
- സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു. വെടിവട്ടം, രജനീരംഗം, പോംവഴി, വി.ടിയുടെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ എന്നിവ പ്രധാനകൃതികൾ ആണ്.
- ഗോസായി പറഞ്ഞകഥ, അഗ്നിസാക്ഷി, നിശബ്ദ സംഗീതം, പുനർജന്മം, അഗ്നിസാക്ഷി എന്നിവ ലളിതാംബിക അന്തർജ്ജനത്തിന്റെ കൃതികളാണ്.
- 1977 ൽ അഗ്നിസാക്ഷി എന്ന നോവിലന് ഓടക്കുഴൽ അവാർഡ് ലഭിക്കുകയുണ്ടായി.
- പ്രഥമവയലാർ പുരസ്ക്കാരത്തിന് അർഹമായ കൃതി - അഗ്നിസാക്ഷി

| | | | | |
|---|---|---|---|---|
| 51. (b) | 52. (c) | 53. (d) | 54. (a) | 55. (b) |
| 56. (c) | 57. (a) | 58. (a) | 59. (b) | 60. (c) |
| 61. (a) | 62. (d) | 63. (b) | 64. (c) | 65. (a) |
| 66. (d) | 67. (a) | 68. (b) | 69. (d) | 70. (b) |

71. (c) 37$^0$C
- ഡിഗ്രിഫാരൻഹീറ്റ് സ്കെയിലിൽ ഇത് 98.4$^0$F ആണ്.

72. (b) സ്കർവി
- വിറ്റാമിൻ ബി-1 ന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗം - ബെറിബെറി
- വിറ്റാമിൻ എ യുടെ കുറവുമൂലം ഉണ്ടാകുന്ന രോഗമാണ് - നിശാന്ധത
- വിറ്റാമിൻ ഡിയുടെ കുറവ് മൂലം ഉണ്ടാകുന്ന രോഗം - റിക്കറ്റ്സ് (കണ)

73. (a) ശ്വേതരക്താണുക്കൾ
- ലൂക്കോ സൈറ്റ്സ് എന്നറിയപ്പെടുന്ന രക്താണുവാണ് ശ്വേതരക്താണു.
- അസ്ഥിമജ്ജ, ലിംഫ് ഗ്രന്ഥികൾ, പ്ലീഹ എന്നിവിടങ്ങളിലാണ് ശ്വേതരക്താണുക്കൾ നിർമ്മിക്കപ്പെടുന്നത്.
- രക്തത്തിൽ 3 ശതമാനം മാത്രം അടങ്ങിയ രക്താണു - ശ്വേതരക്താണു
- രക്തത്തിൽ ശ്വേതരക്താണുക്കളുടെ അളവ് കൂടിയാലുണ്ടാകുന്ന രോഗം - ലൂക്കിമിയ
- എറിത്രോസൈറ്റ്സ് എന്നറിയപ്പെടുന്ന രക്താണുവാണ് അരുണരക്താണുക്കൾ.
- അരുണ രക്താണുവിന് ചുവപ്പ്നിറം നല്കുന്ന വർണവസ്തുവാണ് ഹീമോഗ്ലോബിൻ
- ഹിമോഗ്ലോബിൽ അടങ്ങിയിരിക്കുന്ന ലോഹം - ഇരുമ്പ്
- അരുണരക്താണുക്കളുടെ ആയുസ് 120 ദിവസം വരെയാണ്.
- അസ്ഥിമജ്ജയിലാണ് അരുണരക്താണുക്കൾ രൂപം കൊള്ളുന്നത്.

74. (a) കൂടുതലായിരിക്കും

75. (d) ശരീരഊഷ്മാവ് വർദ്ധിക്കുന്നു
- കലശലായ വയറിളക്കം രോഗലക്ഷണമായ അവസ്ഥയാണ് കോളറ

www.keralapscblog.com

76. (c) ഈഡിസ്
- മുഴുവൻ പേര് എയ്ഡിസ് ഈജിപ്തി കൊതുക് എന്നാണ്.
- മലേറിയ പരത്തുന്നത് അനോഫിലിസ് കൊതുകുകളാണ്
- മന്തുരോഗം പരത്തുന്നത് ക്യൂലക്സ് വർഗത്തിൽപ്പെട്ട കൊതുകുകളാണ്.

77. (a) 14
- ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം - കേരളം
- ഇന്ത്യയിലെ ആദ്യശിശു-സൗഹൃദ സംസ്ഥാനം - കേരളം
- കേരളത്തിലെ ആദ്യത്തെ ശിശു സൗഹൃദ ജില്ല - എറണാകുളം
- കേരളത്തിലെ ആദ്യശിശു സൗഹൃദഗ്രാമം - വെങ്ങാനൂർ (തിരുവനന്തപുരം ജില്ല)

78. (d) ക്ഷയരോഗം
- മൈക്രോബാക്ടീരിയം ടുബർക്കുലോസിസ് എന്ന തരം ബാക്ടീരിയ ആണ് ക്ഷയരോഗത്തിന് കാരണമായ രോഗാണു.
- B.C.G (Bacillus Calmette- Guerin) കണ്ടെത്തിയത് 1922 ൽ പാരിസിലുള്ള ലിയോൺ കാമിറ്റേയും കാമിറ്റേഗ്വേറിനും ചേർന്നാണ്.

79. (c) 70 K. Cals / 100 ml

80. (c) ബംഗ്ലാദേശ്
- UNICEF (United Nations Children's Fund) രൂപം കൊണ്ട വർഷം 1946
- UNICEF ന്റെ ആസ്ഥാനം - ന്യൂയോർക്ക്

81. (d) കുടുംബശ്രീ
- കുടുംബശ്രീ ആദ്യമായി നടപ്പിലാക്കിയജില്ല - ആലപ്പുഴ
- (NABARD) ദേശീയ കാർഷിക ഗ്രാമവികസനബാങ്കിന്റെയും സംസ്ഥാന കേന്ദ്രസർക്കാർ എന്നിവരുടെ പങ്കാളിത്തത്തോടെ ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ.

82. (a) ബാലകുറ്റവാളികൾ

83. (b) മഹാത്മഗാന്ധി
- ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രമാങ്ങളിലാണെന്നും ഗ്രാമങ്ങളുടെ പുരോഗതിയാണ് ഇന്ത്യയുടെ പുരോഗതി എന്നും പറഞ്ഞത് മഹാത്മഗാന്ധി ആണ്.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഉള്ള സംസ്ഥാനം - ഉത്തർപ്രദേശ്
- ഗ്രാമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പൗരാണിക ഭാരതീയകൃതി - അർത്ഥശാസ്ത്രം
- ഇന്ത്യയിലെ ത്രിതല തദ്ദേശഭരണ സംവിധാനത്തിന് പഞ്ചായത്ത് രാജ് എന്ന പേരു നൽകിയത് ജവഹർലാൽ നെഹ്റുവാണ്.
- ഇന്ത്യയിൽ തദ്ദേശസ്വയം ഭരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് റിപ്പൺ പ്രഭുവാണ്.

84. (c) കള്ളാർ

85. (a) ന്യൂഡൽഹി

86. (c) 21 വയസ്സ്

87. (d) സംസ്ഥാന ശിശുക്ഷേമ സമിതി

88. (-) പി.കെ. ശ്രീമതി

89. (a) പണിയൻ

90. (d) രാഷ്ട്രപതി

91. (b) ശിവകാശി
- ശിവകാശിയിലെ പടക്ക കമ്പനികളിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ ജോലിചെയ്യുന്നത്.

92. (c) SOS വില്ലേജ്

93. (a) കുട്ടികൾ

94. (d) കേരളം

95. (c) 2010

96. (b) ക്രിസ്ത്യൻ സ്ത്രീകൾക്കു സ്വത്തിൽ തുല്യ അവകാശം
- 1986 ഫെബ്രുവരി 24നാണ് മേരിറോയി നൽകിയ കേസിൽ സുപ്രീം കോടതി വിധിയിലൂടെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചവകാശ നിയമം റദ്ദുചെയ്ത് ക്രൈസ്തവരെ ഇന്ത്യൻ പിന്തുടർച്ചവകാശത്തിന്റെ പരിധിയിൽ കൊണ്ടുവന്നു. ക്രിസ്ത്യൻ കുടുംബങ്ങളിലെ പിതൃസ്വത്തിൽ ഇതോടെ പെൺകുട്ടികൾക്ക് തുല്യവകാശം ലഭിച്ചു.

97. (d) സുഗതകുമാരി
- 1996 മാർച്ച് 13 ന് രൂപം കൊടുത്ത സംസ്ഥാന വനിതാകമ്മീഷന്റെ ആദ്യ അധ്യക്ഷനായിരുന്നു സുഗതകുമാരി.

98. (a) എം.എസ്.സ്വാമിനാഥൻ
- ഇന്ത്യയിൽ ആദ്യമായി ഹരിതവിപ്ലവം നടപ്പിലാക്കിയത് 1967-68 കാലങ്ങളിലാണ്.
- ഹരിതവിപ്ലവം ആദ്യമായി തുടങ്ങിയ രാജ്യം - മെക്സിക്കോ
- ഹരിതവിപ്ലവത്തിന്റെ പിതാവ് - നോർമൻ ബർലോഗ്

www.keralapscblog.com

- ഡോ.എം.എസ്. സ്വാമിനാഥൻ ഇല്ലായിരുന്നെങ്കിൽ ഏഷ്യയിൽ ഹരിതവിപ്ലവം എന്നൊരു സംഭവമേ അരങ്ങേറുകയില്ലായിരുന്നു. എന്ന് അഭിപ്രായപ്പെട്ടത് നോർമൻ ബർലോംഗാണ്.
- ഫിലിപ്പൈൻസിലെ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തുവാൻ ഡോ.സ്വാമിനാഥൻ നിർവഹിച്ച സ്തുതർഹ്യമായ പങ്ക് മുൻനിർത്തി ഫിലിപ്പൈൻസ് പ്രസിഡന്റ് 1987 ൽ ദി ഗോൾഡൺ ഹാർട്ട് പ്രസിഡൻഷ്യൽ അവാർഡ് നൽകി ആദരിച്ചിരുന്നു.

99. (b) നെട്ടൂർ കമ്മീഷൻ

- പിന്നോക്ക സമുദായ സംവരണത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ കമ്മീഷനാണ് മണ്ഡൽ കമ്മീഷൻ.
- കല്ലുവാതുക്കൽ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ കമ്മീഷൻ ആണ് ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ.
- സെക്യൂരിറ്റി അപവാദത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ കമ്മീഷനാണ് ജാനകീരാമൻ കമ്മീഷൻ.

100. (c) സുപ്രീംകോടതി

www.keralapscblog.com